# അടിക്കടി ഉയരുന്ന ചോദ്യങ്ങൾ - അടൽ പെൻഷൻ യോജന

1. എന്താണ് പെൻഷൻ ? എന്തിനാണ് എനിയ്ക്ക് പെൻഷൻ ?

ആളുകൾക്ക് ധനം സമ്പാദിക്കാനാവാത്ത കാലത്ത് പ്രതിമാസ വരുമാനം ലഭ്യമാക്കുന്നതാണ് പെൻഷൻ.

പെൻഷൻ ആവശ്യമായി വരുന്നതിന്റെ കാരണങ്ങൾ :

- പ്രായമാകുന്തോറും കുറഞ്ഞുവരുന്ന ധനസമ്പാദന ശേഷി
- അണുകുടുംബങ്ങളുടെ ഉദയവും ധനസമ്പാദന ശേഷിയുള്ള കുടുംബാംഗങ്ങളുടെ അന്യദിക്കുകളിലേക്കുള്ള പ്രവാസവും.
- ജീവിതച്ചിലവുകളിൽ വരുന്ന വർദ്ധന
- ആയുർദൈർഘ്യത്തിൽ വരുന്ന വർദ്ധന

ഉറപ്പായ മാസ വരുമാനം പ്രായമായ കാലത്ത് അന്തസ്സുറ്റ ജീവിതം ഉറപ്പാക്കുന്നു.

2. എന്താണ് അടൽ പെൻഷൻ പദ്ധതി ?

മുഖ്യമായും അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നവരെ ഉദ്ദേശിച്ച് ഇന്ത്യൻ പൗരന്മാർക്കായുള്ള ഒരു പെൻഷൻ പദ്ധതിയാണ് അടൽ പെൻഷൻ പദ്ധതി.[1] ഈ പദ്ധതിയിൽ, വരിക്കാർ തങ്ങളുടെ വിഹിതമായി അടച്ചുപോരുന്ന തുകയുടെ അടിസ്ഥാനത്തിൽ 60 വയസ്സായാൽ പ്രതിമാസം 1000 രൂപ, 2000 രൂപ, 3000 രൂപ, 4000 രൂപ, 5000 രൂപ ഉറപ്പായും പെൻഷനായി ലഭിക്കുന്നു.

3. അടൽ പെൻഷൻ പദ്ധതിയിൽ ആർക്കൊക്കെ വരിക്കാരാകാം ?

ഏതൊരു ഇന്ത്യൻ പൗരനും ഈ പദ്ധതിയിൽ ചേരാവുന്നതാണ്. അർഹത സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്:

i. വരിക്കാരനായി ചേരാൻ ഉദ്ദേശിക്കുന്നയാളിന്റെ വയസ്സ് 18നും 40നും ഇടയിലായിരിക്കണം.
ii. ആ വ്യക്തിയുടെ പേരിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം/തുറക്കണം.
iii. അപേക്ഷകന് മൊബൈൽ നമ്പർ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ സമയത്ത് അതു സംബന്ധിച്ച വിവരങ്ങൾ ബാങ്കിനു നൽകേണ്ടതാണ്.

- 1 ജൂൺ 2015നും 31 ഡിസംബർ 2015നുമിടയിൽ ഈ പദ്ധതിയിൽ ചേരുന്നവരും, മറ്റ് യാതൊരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗമല്ലാത്തവരും ആദായ നികുതി കൊടുക്കേണ്ടാത്തവരുമായ വ്യക്തികൾക്ക് 2015-2016 മുതൽ 2019-20 വരെ 5 വർഷക്കാലം സർക്കാരിന്റെ വീതമായി തുക ലഭ്യമാണ്.

---

[1] ഈ പദ്ധതി സർക്കാരിന്റെ അംഗീകാരത്തിന് വിധേയമാണ്.

4. അടൽ പെൻഷൻ പദ്ധതിയിൽ സർക്കാരിന്റെ വീതമായ തുക കൈപ്പറ്റാൻ അർഹത ഇല്ലാത്ത മറ്റു സാമൂഹ്യ സുരക്ഷാ പദ്ധതികളിലെ ഗുണഭോക്താക്കൾ ആരെല്ലാമാണ് ?

നിയമാനുസ്രുതമായ സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിൽ സർക്കാരിന്റെ വീതം കൈപ്പറ്റാൻ അർഹതയില്ല. ഉദാഹരണമായി, താഴെ പറയുന്ന നിയമങ്ങൾ പ്രകാരമുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളിലെ അംഗങ്ങൾ ഈ പദ്ധതിയിൽ സർക്കാരിന്റെ വീതം കൈപ്പറ്റാൻ അർഹരല്ല.

(1) എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട് 1952
(2) ദി കോൾ മൈൻസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട് 1948
(3) ദി അസാം ടീ പ്ലാന്റേഷൻ പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട് 1955
(4) സീമെൻസ് പ്രോവിഡന്റ് ഫണ്ട് ആക്ട് 1966
(5) ജമ്മു-കാശ്മീർ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് & മിസലേനിയസ് പ്രൊവിഷൻ ആക്ട് 1961
(6) മറ്റ് ഏതെങ്കിലും സാമൂഹ്യ സുരക്ഷാ പദ്ധതി

5. അടൽ പെൻഷൻ പദ്ധതിയിൽ എത്ര രൂപ പെൻഷൻ ലഭിക്കും ?

വരിക്കാരൻ അടയ്ക്കുന്ന തുകയുടെ തോതനുസരിച്ച് 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് പ്രതിമാസം 1000/-, 2000/-, 3000/- , 4000/- , 5000/- രൂപ ഏറ്റവും കുറഞ്ഞ പെൻഷനായി ലഭിക്കും.

6. അടൽ പെൻഷൻ പദ്ധതിയിൽ ചേരുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ?

1 ജൂൺ 2015നും 31 ഡിസംബർ 2015നുമിടയിൽ പദ്ധതിയിൽ ചേരുന്ന അർഹതപ്പെട്ട അക്കൗണ്ട് ഇടപാടുകാർക്ക് അവരുടെ വിഹിതമായി അടക്കുന്ന തുകയുടെ 50 ശതമാനമോ പ്രതി വർഷം 1000/- രൂപയോ, ഏതാണ് കുറഞ്ഞത്, സർക്കാരിന്റെ വിഹിതമായി ലഭിക്കും. സാമ്പത്തിക വർഷം 2015-16 മുതൽ 2019-20 വരെ 5 വർഷക്കാലം സർക്കാരിന്റെ വിഹിതം ലഭിക്കുന്നതാണ്.

7.ഈ പദ്ധതിയിൽ അടച്ച പണം എങ്ങിനെയാണ് നിക്ഷേപിക്കപ്പെടുന്നത് ?

ഈ പദ്ധതിയിൽ അടയ്ക്കുന്ന വിഹിതം ഭാരത സർക്കാരിന്റെ ധനമന്ത്രാലയത്തിന്റെ മാർഗനിർദേശകരേഖ പ്രകാരം നിക്ഷേപിക്കപ്പെടുന്നതാണ്. പി എഫ് ആർ ഡി എ/സർക്കാർ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

8. അടൽ പെൻഷൻ പദ്ധതി പ്രകാരം അക്കൗണ്ട് തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ?

i. ബന്ധപ്പെട്ട വ്യക്തിയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് എവിടെയാണോ, ആ ബാങ്ക് ശാഖയെ സമീപിക്കുക.
ii. അടൽ പെൻഷൻ പദ്ധതി പ്രകാരമുള്ള അപേക്ഷാഫോറം പൂരിപ്പിക്കുക.
iii. ആധാർ/മൊബൈൽ നമ്പർ നല്കുക.
iv. പ്രതിമാസ അടവിനു വേണ്ട തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുണ്ടെന്ന് ഉറപ്പു വരുത്തുക.

9. പദ്ധതിയിൽ ചേരാൻ ആധാർ നമ്പർ നിർബന്ധമാണോ ?

അടൽ പെൻഷൻ പദ്ധതി പ്രകാരം അക്കൗണ്ട് തുറക്കാൻ ആധാർ നമ്പർ നിർബന്ധമല്ല. ഏന്നാൽ പിന്നീട് പെൻഷനോട് ബന്ധപ്പെട്ട അവകാശങ്ങളും അർഹതയും സംബന്ധിച്ച തർക്കങ്ങൾ ഒഴിവാക്കാനായി ഗുണഭോക്താവിനെയോ, ആ വ്യക്തിയുടെ ഭാര്യയേയോ/ഭർത്താവിനേയോ, നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തിയേയോ തിരിച്ചറിയാൻ മുഖ്യ രേഖ ആധാർ ആയിരിക്കും.

**10. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇല്ലാതെ തന്നെ അടൽ പെൻഷൻ പദ്ധതി പ്രകാരം അക്കൗണ്ട് തുറക്കാനാകുമോ ?**

ഇല്ല. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഇല്ലാതെ തന്നെ അടൽ പെൻഷൻ പദ്ധതിയിൽ ചേരാൻ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്.

**11. പദ്ധതിയിൽ ചേരുന്നവർ എങ്ങിനെയാണ് തങ്ങളുടെ വിഹിതം അക്കൗണ്ടിൽ അടയ്ക്കുന്നത്?**

വരിക്കാരന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും മാസാമാസം സ്വയമേവ കിഴിച്ച് തുക അടക്കപ്പെടുന്നതാണ്.

**12. മാസാമാസം തുക അടക്കേണ്ട നിശ്ചിത തീയ്യതി ഏതാണ് ?**

തുക അടക്കേണ്ട നിശ്ചിത തീയ്യതി, പദ്ധതിയിൽ ചേരുന്ന സമയത്ത് തുക അടയ്ക്കുന്ന അതേ തീയ്യതി ആയിരിക്കും.

**13. നിശ്ചിത തീയ്യതിക്ക് അടവിനു വേണ്ട തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഇല്ലെങ്കിൽ എന്തു സംഭവിക്കും ?**

നിശ്ചിത തീയ്യതിക്ക് അടവിനു വേണ്ട തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വകയിരുത്തിയിട്ടില്ലെങ്കിൽ അത് വീഴ്ചയായി കണക്കാക്കപ്പെടും. അടവിന് കാലതാമസം വന്നാൽ ബാങ്കുകൾ കൂടുതൽ തുക വസൂലാക്കേണ്ടതുണ്ട്. ആ തുക താഴെ പറയും പ്രകാരം 1 രൂപ മുതൽ 10 രൂപ വരെയാകാം :

i. പ്രതിമാസം 100 രൂപ വരെ അടവിന് മാസം 1 രൂപ
ii. പ്രതിമാസം 101 രൂപ മുതൽ 500 രൂപ വരെ അടവിന് മാസം 2 രൂപ
iii. പ്രതിമാസം 501 രൂപ മുതൽ 1000 രൂപ വരെ അടവിന് മാസം 5 രൂപ
iv. പ്രതിമാസം 1001 രൂപ തൊട്ടുള്ള അടവിന് മാസം 10 രൂപ

1. {]Xnamkw 100 cq]bpsS AShn\v amkw 1 cq]

പണം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാലുണ്ടാകുന്ന നടപടിക്രമങ്ങൾ താഴെ പറയുന്നവയാണ് :

- 6 മാസത്തിനു ശേഷം അക്കൗണ്ട് മരവിപ്പിക്കുന്നതായിരിക്കും.
- 12 മാസത്തിനു ശേഷം അക്കൗണ്ട് നിർജ്ജീവമാക്കുന്നതായിരിക്കും.
- 24 മാസത്തിനു ശേഷം അക്കൗണ്ട് അവസാനിപ്പിക്കുന്നതായിരിക്കും.

വരിക്കാരൻ, അടവിനുള്ള തുക സ്വയമേവ അക്കൗണ്ടിൽ നിന്നും കിഴിക്കാൻ ആവശ്യമായ പണം തന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ഉണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ്.

പലിശ/പിഴ വകയിൽ വന്നുചേരുന്ന നിശ്ചിത തുക, വരിക്കാരന്റെ പെൻഷൻ ധനസഞ്ചയത്തിന്റെ ഭാഗമായി നിൽക്കും.

14. ഉറപ്പായി 1000 രൂപ പെൻഷൻ ലഭിക്കൻ ഞാൻ എത്ര രൂപ അടൽ പെൻഷൻ പദ്ധതിയിൽ നിക്ഷേപിക്കണം ?

| ചേരുന്ന സമയത്ത് പ്രായം | വിഹിതം എത്ര വർഷം അടയ്ക്കുന്നു | ഉദ്ദേശിക്കുന്ന പ്രതിമാസ വിഹിതമായ തുക |
|---|---|---|
| 18 | 42 | 42 |
| 20 | 40 | 50 |
| 25 | 35 | 76 |
| 30 | 30 | 116 |
| 35 | 25 | 181 |
| 40 | 20 | 291 |

വരിക്കാരന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും സ്വയമേവ തുക കിഴിക്കുക വഴി മാത്രമേ പണം അടയ്ക്കാനാകുകയുള്ളു.

* പ്രായമനുസരിച്ച് വിഹിതമായി അടയ്ക്കേണ്ടുന്ന തുകയെ സംബന്ധിച്ച വിവരങ്ങൾക്ക് അനുബന്ധം 1 കാണുക.

15. പദ്ധതിയിൽ ചേരുമ്പോൾ നാമനിർദ്ദേശം സമർപ്പിക്കേണ്ടത് അനിവാര്യമാണോ ?

അതെ. അടൽ പെൻഷൻ പദ്ധതിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടയാളിനെ സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടത് അനിവാര്യമാണ്. ബാധകമായ ഇടങ്ങളിൽ ഭാര്യ/ഭർത്താവിനെക്കുറിച്ചുള്ള വിവരങ്ങളും നൽകേണ്ടതായിട്ടുണ്ട്. അവരുടെ ആധാർ സംബന്ധമായ വിവരങ്ങളും നൽകേണ്ടതുണ്ട്.

16. ഈ പദ്ധതിയിൽ ഒരാൾക്ക് എത്ര അക്കൗണ്ടുകൾ തുറക്കാനാകും ?

ഈ പദ്ധതിയിൽ ഒരാൾക്ക് ഒരു അക്കൗണ്ട് മാത്രമേ തുറക്കാനാവുകയുള്ളു. അതിനു സമമായി മറ്റൊരു അക്കൗണ്ട് ഉണ്ടാകില്ല.

17. കൂടുതലോ കുറവോ പെൻഷൻ ലഭിക്കുവാനായി പ്രതിമാസ വിഹിതമായ തുക കൂട്ടുകയോ കുറക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ടോ ?

പ്രതിമാസ പെൻഷൻ തുകയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ , ധനസഞ്ചയം നടക്കുന്ന കാലത്ത് പെൻഷൻ തുക കൂട്ടുകയോ കുറക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം വരിക്കാരനുണ്ട്. എന്നാൽ അങ്ങിനെ മാറ്റാനുള്ള അവസരം വർഷത്തിലൊരിക്കൽ ഏപ്രിൽ മാസത്തിൽ മാത്രമേ ലഭ്യമാകുകയുള്ളു.

18. അടൽ പെൻഷൻ പദ്ധതിയിൽ നിന്നും പിന്മാറാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്?

അ) 60 വയസ്സ് തികയുമ്പോൾ :

പെൻഷൻ ധനസഞ്ചയത്തിന്റെ 100% വർഷാശനത്തോടുകൂടി അടൽ പെൻഷൻ പദ്ധതിയിൽ നിന്നും പിന്മാറാൻ അനുവാദമുണ്ട്. പിന്മാറുന്നതോടുകൂടി പെൻഷൻകാരന് പെൻഷൻ തുക ലഭ്യമാകും.

ആ) ഏതെങ്കിലും കാരണവശാൽ ഇടപാടുകാരന് മരണം സംഭവിച്ചാൽ :

ഇടപാടുകാരന് മരണം സംഭവിച്ചാൽ പെൻഷൻ ഭാര്യക്ക്/ഭർത്താവിന് ലഭിക്കുന്നതാണ്. രണ്ടുപേരുടേയും (വരിക്കാരൻ അയാളുടെ ഭാര്യ/അവരുടെ ഭർത്താ വ്) മരണം സംഭവിക്കുകയാണെങ്കിൽ സഞ്ചിതമായ പെൻഷൻ തുക, നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾക്ക് ലഭിക്കും.

ഇ) 60 വയസ്സിനു മുൻപ് പദ്ധതിയിൽ നിന്നും പിന്മാറുകയാണെങ്കിൽ :

ഗുണഭോക്താവിന്റെ മരണം, ഗുരുതരമായ രോഗങ്ങൾ എന്നീ അസാധാരണ പരിതസ്ഥിതികളിൽ മാത്രമേ 60 വയസ്സിനു മുൻപ് പദ്ധതിയിൽ നിന്നും പിന്മാറാൻ അനുവാദമുള്ളു.

19. ഞാൻ അടയ്ക്കുന്ന തുകയെക്കുറിച്ച് എനിയ്ക്ക് എങ്ങിനെ അറിവ് ലഭിക്കും ?

അടക്കുന്ന തുകയെക്കുറിച്ചുള്ള വിവരം അതാതു സമയങ്ങളിൽ എസ് എം എസ് അലർട്ട് വഴി വരിക്കാരന്റെ റജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ ലഭിക്കുന്നതായിരിക്കും. വരിക്കാരന് അക്കൗണ്ട് സ്റ്റേറ്റ്മെന്റും ലഭിക്കും.

20. എനിക്ക് ഇടപാടുകളുടെ സ്റ്റേറ്റ്മെന്റ് ലഭിക്കുമോ ?

ഉവ്വ്. അടൽ പെൻഷൻ പദ്ധതിയിൽ തങ്ങളുടെ വിഹിതം അടയ്ക്കുന്ന വരിക്കാർക്ക് അതാതു സമയങ്ങളിൽ സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതാണ്.

21. എന്റെ താമസസ്ഥലം/നഗരം മാറുകയാണെങ്കിൽ എനിയ്ക്ക് പ്രസ്തുത അക്കൗണ്ടിൽ എങ്ങിനെ പണം അടയ്ക്കാനാവും ?

സ്ഥലം മാറ്റം മുതലായവ ഉണ്ടാവുകയാണെങ്കിലും അക്കൗണ്ടിൽ നിന്നും സ്വയമേവ തുക കിഴിക്കുക വഴി പണം അടയ്ക്കാവുന്നതാണ്.

22. ഇപ്പോൾ സ്വാവലംബൻ പദ്ധതിയിൽ വരിക്കാരായിരിക്കുന്നവരുടെ കാര്യത്തിൽ എന്തു സംഭവിക്കും ?

18-40 വയസ്സിനിടയിലുള്ള സ്വാവലംബൻ പദ്ധതി വരിക്കാർ, അവർക്ക് പദ്ധതിയിൽ നിന്നും പിന്മാറാനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട്, തന്നത്താനേ അടൽ പെൻഷൻ പദ്ധതിയിലേയ്ക്ക് മാറ്റപ്പെടുന്നതാണ്. എന്നാൽ 5 വർഷം സർക്കാരിന്റെ വീതമായ തുകയുടെ ആനുകൂല്യം , സ്വാവലംബൻ വരിക്കാർക്ക് ഇതുവരെ ആ പദ്ധതിയിൽ ലഭിച്ച വീതത്തിന്റെ പരിധി വരെ മാത്രമേ ലഭിക്കുകയുള്ളു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സ്വാവലംബൻ പദ്ധതിയിൽ ഒരു വ്യക്തിയ്ക്ക് 1 വർഷം സർക്കാരിന്റെ വീതം എന്ന ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് 4 വർഷം മാത്രമേ അടൽ പെൻഷൻ പദ്ധതിയിലെ ആ ആനുകൂല്യം ലഭിക്കുകയുള്ളു. ഇപ്പോൾ ആരംഭിക്കാനുദ്ദേശിക്കുന്ന അടൽ പെൻഷൻ പദ്ധതിയിൽ

ചേരാൻ താല്പര്യമില്ലാത്ത സ്വാവലംബൻ വരിക്കാർക്ക്, അവർക്ക് അർഹതയുണ്ടെങ്കിൽ 2016-17 വരെ സർക്കാരിന്റെ വിഹിതം നൽകപ്പെടുന്നതാണ്. ആ പദ്ധതിയിൽ നിന്നും പുറത്തു പോകാനുള്ള പ്രായം എത്തുന്നതു വരേയ്ക്കും അവർ എൻ പി എസ് സ്വാവലംബൻ പദ്ധതിയിൽ തുടരുന്നതാണ്.

പദ്ധതിയിൽ തുടരാൻ ആഗ്രഹിക്കാത്ത 40 വയസ്സിനു മുകളിലുള്ള വരിക്കാർ മൊത്തം തുക കൈപ്പറ്റി പദ്ധതിയിൽ നിന്നും പിന്മാറാവുന്നതാണ്.

40 വയസ്സിനു മുകളിലുള്ള വരിക്കാർക്ക് 60 വയസ്സ് വരെ തുടരാനുള്ള സ്വാതന്ത്ര്യമുണ്ട്. അവർക്ക് വർഷാശനത്തിന് അർഹതയുണ്ട്.

നിലവിലുള്ള സ്വാവലംബൻ പദ്ധതി തന്നത്താനെ അടൽ പെൻഷൻ പദ്ധതിയിലേക്കു മാറുന്നതാണ്.

**അനുബന്ധം 1**

**അടൽ പെൻഷൻ പദ്ധതിയിൽ അടയ്ക്കേണ്ട തുക സംബന്ധിച്ച സൂചനാ ചാർട്ട് (പ്രായമനുസരിച്ച്)**

| ചേരുന്ന സമയത്തെ പ്രായം | എത്ര വർഷം തുക അടയ്ക്കുന്നു | പ്രതിമാസ പെൻഷൻ 1000 രൂപ | പ്രതിമാസ പെൻഷൻ 2000 രൂപ | പ്രതിമാസ പെൻഷൻ 3000 രൂപ | പ്രതിമാസ പെൻഷൻ 4000 രൂപ | പ്രതിമാസ പെൻഷൻ 5000 രൂപ |
|---|---|---|---|---|---|---|
| 18 | 42 | 42 | 84 | 126 | 168 | 210 |
| 19 | 41 | 46 | 92 | 138 | 183 | 228 |
| 20 | 40 | 50 | 100 | 150 | 198 | 248 |
| 21 | 39 | 54 | 108 | 162 | 215 | 269 |
| 22 | 38 | 59 | 117 | 177 | 234 | 292 |
| 23 | 37 | 64 | 127 | 192 | 254 | 318 |
| 24 | 36 | 70 | 139 | 208 | 277 | 346 |
| 25 | 35 | 76 | 151 | 226 | 301 | 376 |
| 26 | 34 | 82 | 164 | 246 | 327 | 409 |
| 27 | 33 | 90 | 178 | 268 | 356 | 446 |
| 28 | 32 | 97 | 194 | 292 | 388 | 485 |
| 29 | 31 | 106 | 212 | 318 | 423 | 529 |
| 30 | 30 | 116 | 231 | 347 | 462 | 577 |
| 31 | 29 | 126 | 252 | 379 | 504 | 630 |
| 32 | 28 | 138 | 276 | 414 | 551 | 689 |
| 33 | 27 | 151 | 302 | 453 | 602 | 752 |
| 34 | 26 | 165 | 330 | 495 | 659 | 824 |
| 35 | 25 | 181 | 362 | 543 | 722 | 902 |
| 36 | 24 | 198 | 396 | 594 | 792 | 990 |
| 37 | 23 | 218 | 436 | 654 | 870 | 1,087 |
| 38 | 22 | 240 | 480 | 720 | 957 | 1,196 |
| 39 | 21 | 264 | 528 | 792 | 1,054 | 1,318 |
| 40 | 20 | 291 | 582 | 873 | 1,164 | 1,454 |